സ്ഥാനത്തിൽ മാത്രം പ്രൊമോഷൻ നൽകണമെന്നുള്ള ആവശ്യം പരിഗണിക്കാൻ കഴിയില്ല എന്നകാര്യം ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്ത സന്ദർഭത്തിൽതന്നെ ഗവൺമെന്റ് നേരിട്ട് വ്യക്തമാക്കിയിട്ടുള്ളതാണ്. സഹകരണ പെൻഷൻ പദ്ധതി സെൽഫ് ഫൈനാൻസിംഗ് പദ്ധതിയാണ്. ഈ പദ്ധതിയിൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിന്റെ പരിധിയിൽ വരാത്തതും സഹകരണവകുപ്പിന്റെ നിയന്ത്രണത്തിൽ വരുന്നതുമായ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മാത്രമേ വരുകയുള്ളൂ. ഈ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അവയുടെ കഴിവിന്റെ സാമ്പത്തികമായ അടിസ്ഥാനത്തിൽ മാത്രം ഇക്കാര്യങ്ങൾ പരിശോധിക്കാൻ കഴിയുന്നതാണ്. സഹകരണ ജീവനക്കാർക്ക് ഒരു കോമൺ സർവ്വീസ് എന്നത് ഇന്നത്തെ സാഹചര്യത്തിൽ പ്രായോഗികമായിരിക്കില്ല എന്നാണ് ഗവൺമെന്റ് കണക്കാക്കുന്നത്. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻസ് മൂന്ന് കൊല്ലത്തിലൊരിക്കൽ പുനർ നിർണ്ണയം ചെയ്യേണ്ടതാണ്. 1.1.74-ൽ വന്ന ക്ലാസിഫിക്കേഷൻ 1982-ൽ പുനർനിർണ്ണയം ചെയ്തെങ്കിലും ആയത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിരുന്നില്ല. ഈ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് 1998-ൽ പുനർനിർണ്ണയം നടത്തിയത്. ക്ലാസിഫിക്കേഷൻ നോംസ് യഥാസമയം നിർണ്ണയം നടത്താത്തതുനിമിത്തം സംഘങ്ങൾ അനർഹമായ ഉയർന്ന ക്ലാസ്സിൽപ്പെട്ട അധിക തസ്തിക സൃഷ്ടിക്കാനും ഉയർന്ന ശമ്പളം നൽകാൻ ഇടവരുകയും ഇത് ഫലത്തിൽ സംഘങ്ങളുടെ പ്രവർത്തനത്തിൽ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. ജീവനക്കാരുടെ പ്രശ്നങ്ങൾ സംഘടനാ പ്രതിനിധികളുമായി കാലാകാലങ്ങളിൽ ചർച്ചചെയ്തിട്ടുണ്ട്. പ്രശ്നങ്ങൾ ഇനിയും ചർച്ച ചെയ്യുന്നതിന് ഗവൺമെന്റ് സന്നദ്ധമാണ്.

(12) കോഴിക്കോട് പബ്ലിക് ലൈബ്രറി ആന്റ് റിസർച്ച് സെന്റർ സംസ്ഥാന ലൈബ്രറി കൗൺസിലിന് കൈമാറാൻ നടപടി

ശ്രീ. എം. ദാസൻ : സർ, കോഴിക്കോട് നഗരത്തിലുള്ള പബ്ലിക് ലൈബ്രറി ആന്റ് റിസർച്ച് സെന്റർ സംസ്ഥാന ലൈബ്രറി കൗൺസിലിന് കൈമാറാൻ അടിയന്തിരമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. ഇതു സംബന്ധിച്ച് നേരത്തെ ഒരു സബ്മിഷൻ ഞാൻ ഈ സഭയിൽ അവതരിപ്പിച്ചിരുന്നു. അന്ന് ബഹു. മന്ത്രി കോഴിക്കോട്ടെ പബ്ലിക് ലൈബ്രറി എത്രയും പെട്ടെന്ന് ലൈബ്രറി കൗൺസിലിന് കൈമാറാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ഈ സഭയിൽ ഉറപ്പ് നൽകിയതാണ്. അത് കഴിഞ്ഞ് മാസം പലത് കഴിഞ്ഞു, ഇതുവരേയും കോഴിക്കോട്ടെ പബ്ലിക് ലൈബ്രറി ലൈബ്രറി കൗൺസിലിന് കൈമാറാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. കഴിഞ്ഞ നാലു വർഷമായി ഈ ലൈബ്രറിയുടെ പ്രവർത്തനം വളരെ മോശമായ രീതിയിലാണ് നടക്കുന്നത്. അതുകൊണ്ട് എത്രയും വേഗം കോഴിക്കോട്ടെ പബ്ലിക് ലൈബ്രറി ആന്റ് റിസർച്ച് സെന്റർ സംസ്ഥാന ലൈബ്രറി കൗൺസിലിന് കൈമാറാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, മുമ്പ് കോഴിക്കോട് സെൻട്രൽ ലൈബ്രറി പ്രവർത്തിച്ചിരുന്ന സ്ഥലത്ത് ഇപ്പോൾ കോഴിക്കോട് പബ്ലിക് ലൈബ്രറി ആന്റ് റിസർച്ച് സെന്റർ എന്ന സ്വയംഭരണ സ്ഥാപനം ലൈബ്രറി നടത്തുന്നു. അതിന്റെ കെട്ടിടം നിൽക്കുന്ന ഉടമസ്ഥാവകാശത്തെ ചൊല്ലി കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലും

LIBRARY ARCHIVES Kerala Legislative Assembly

ലോക്കൽ ലൈബ്രറി അതോറിറ്റി എംപ്ലോയീസ് കോ-ഓപ്പറേഷൻ കമ്മിറ്റിയും രണ്ട് ഹർജികൾ കേരളാ ഹൈക്കോടതിയിൽ സമർപ്പിച്ചത് തീരുമാനമായിട്ടില്ല. എന്നാൽ മേൽപ്പടി വസ്തുവിൻമേലുള്ള അവകാശ തർക്കം ഹൈക്കോടതി തീരുമാനത്തിന് വിധേയമായി കോഴിക്കോട് ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ ആസ്തി ബാദ്ധ്യതകൾ കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കൈമാറുന്നതിനുള്ള വിജ്ഞാപനം 19.12.1998-ൽ പുറപ്പെടുവിക്കുകയുണ്ടായി. അതനുസരിച്ച് കോഴിക്കോട് ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ ആസ്തി ബാദ്ധ്യതകൾ കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിലുള്ള മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലാ ലൈബ്രറി കൗൺസിലുകൾക്ക് കൈമാറിയിട്ടുണ്ട്. 20.3.1999-ന് അതാത് ലൈബ്രറി കൗൺസിലുകൾ ഇതിന്റെയടിസ്ഥാനത്തിൽ ഈ ആസ്തി ബാദ്ധ്യതകൾ ഏറ്റെടുത്തിട്ടുണ്ട്. 20.3.1999-ൽ അതിന്റെ എല്ലാ നടപടികളും പൂർത്തിയായി. എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അതുകൂടി മാറ്റുന്നതാണ്.

(13) കേരള സർവകലാശാലാ ജീവനക്കാരുടെ സമരം അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജി. കാർത്തികേയൻ : സർ, നമ്മുടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗം ഭാഗികമായി സ്തംഭനാവസ്ഥയിലാണ്. കഴിഞ്ഞ 13 ദിവസമായി കേരള സർവകലാശാലയിലെ ജീവനക്കാർ സമരത്തിലാണ്. ഡിഗ്രി പരീക്ഷകളുടേയും പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിഗ്രി പരീക്ഷകളുടേയും ഫലം ഇനി വരാനിരിക്കുന്നതേയുള്ളൂ. പ്രീഡിഗ്രി പരീക്ഷ എഴുതിയ കുട്ടികൾക്കുതന്നെ കേരളത്തിൽ ഉന്നത വിദ്യാഭ്യാസം എല്ലാപേർക്കും ലഭിക്കാത്തതുകൊണ്ട് ധാരാളം വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിലെ യൂണിവേഴ്സിറ്റികളിൽ പോയാണ് പഠിക്കുന്നത്. അതിനാവശ്യമായ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റുകളുടെ വിതരണം യൂണിവേഴ്സിറ്റികളിൽ നടക്കുന്നില്ല. ഞാൻ ഇതിനകത്ത് രാഷ്ട്രീയമൊന്നും പറയുന്നില്ല. കഴിഞ്ഞ കുറെക്കാലമായി ഇതാണ് അവസ്ഥ. അവിടെ സെനറ്റിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ സി.പി.ഐ. - കോൺഗ്രസ് സഖ്യമാണ് ഇത്തവണ വിജയിച്ചത്. അവിടെ സിൻഡിക്കേറ്റിന്റെ പ്രധാനപ്പെട്ട റോൾ അങ്ങേയ്ക്കറിയാം. ഇത്തരം സന്ദർഭങ്ങളിൽ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റാണ് ഈ കാര്യങ്ങളിൽ ഇടപെടേണ്ടത്, മദ്ധ്യസ്ഥരായി വരേണ്ടത്. ഈ തെരഞ്ഞെടുപ്പിൽ നടന്നിട്ടുള്ള ഒരു അട്ടിമറി രാഷ്ട്രീയമാണ്. രാഷ്ട്രീയമായി സി.പി.എം.-ന് പ്രാമുഖ്യമുള്ള സിൻഡിക്കേറ്റായിരുന്നു ഞാൻ ആരോപണ രൂപത്തിൽ പറയുന്നതല്ല. അതുകൊണ്ട് മദ്ധ്യസ്ഥരായി വരേണ്ടത് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റാണ്. സർവ്വകലാശാലയിലെ ക്യാബിനറ്റ് എന്നുപറയുന്നത് സിൻഡിക്കേറ്റാണ്. ഈ സിൻഡിക്കേറ്റ് മുഖം തിരിഞ്ഞ് നിൽക്കുന്നു. അതുകൊണ്ട് കഴിഞ്ഞ 13 ദിവസമായി സമരം നടക്കുകയാണ്. ആ സമരം അവസാനിപ്പിക്കുന്നതിനോ സമരത്തിനാധാരമായ കാര്യങ്ങൾ സമരക്കാരുമായി ചർച്ച നടത്തുന്നതിനോ മുൻകൈ എടുക്കാൻ ആരും തയ്യാറല്ല. ഇതു ചെയ്യേണ്ടത് സിൻഡിക്കേറ്റാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ അങ്ങയുടെ ഗൂഡ്വിൽ, അങ്ങയുടെ സ്ഥാനമുപയോഗിച്ച്-സിൻഡിക്കേറ്റ് ഇങ്ങനെയൊരു നിലപാട് എടുത്തിരിക്കുന്നതുകൊണ്ട് അങ്ങ് ദയവുചെയ്ത് മദ്ധ്യസ്ഥനായി വന്ന് സർവകലാശാലാ രംഗത്ത് വന്നിട്ടുള്ള, ഉന്നതവിദ്യാഭ്യാസ രംഗത്ത് വന്നിട്ടുള്ള, സ്തംഭനാവസ്ഥ പരിഹരിക്കണം. ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ഒരു വർഷം നഷ്ടമാക്കുന്ന സ്ഥിതിയാണ്. പഴയകാലത്തെ പ്രീഡിഗ്രി

LIBRARY ARCHIVES Kerala Legislative Assembly